**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5666** **16-03-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ റസ്റ്റ് സ്റ്റോപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ് ലിമിറ്റഡ് എന്ന കമ്പനി നടപ്പിലാക്കുന്ന റസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ വിശദ വിവരം ലഭ്യമാക്കുമോ; | (എ) | ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ്ങ് ലിമിറ്റഡ് (OKIH) എന്ന കമ്പനിയുടെ പ്രഥമ സംരംഭമാണ് ദേശീയ/ സംസ്ഥാന പാതയോരത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള വേസൈഡ് അമിനിറ്റീസ് പ്രോജക്ട് അഥവാ 'റെസ്റ്റ് സ്റ്റോപ്പ്' പദ്ധതി. ഈ പദ്ധതിയിലൂടെ കേരളത്തിലാകെ 32,500 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുവാൻ ലക്ഷ്യമിടുന്നു.<br><br>കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ തലപ്പാടി എന്ന സ്ഥലത്തു 2.2 ഹെക്ടർ ഭൂമിയിലാണ് ആദ്യ റെസ്റ്റ് സ്റ്റോപ്പ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര സവിശേഷതകളും സൗകര്യങ്ങളുമുള്ള റെസ്റ്റ്സ്റ്റോപ്പ് സെന്ററുകളുടെ ഡിസൈൻ ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ഭൂമിയുടെ സർവ്വേ, സോയിൽ ടെസ്റ്റിങ് തുടങ്ങിയവയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ്ങ് ലിമിറ്റഡ് (OKIH) എന്ന കമ്പനിയുടെ പ്രഥമ സംരംഭമാണ് ദേശീയ/ സംസ്ഥാന പാതയോരത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള വേസൈഡ് അമിനിറ്റീസ് പ്രോജക്ട് അഥവാ 'റെസ്റ്റ് സ്റ്റോപ്പ്' പദ്ധതി. ഈ പദ്ധതിയിലൂടെ കേരളത്തിലാകെ 32,500 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുവാൻ ലക്ഷ്യമിടുന്നു.<br><br>കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ തലപ്പാടി എന്ന സ്ഥലത്തു 2.2 ഹെക്ടർ ഭൂമിയിലാണ് ആദ്യ റെസ്റ്റ് സ്റ്റോപ്പ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര സവിശേഷതകളും സൗകര്യങ്ങളുമുള്ള റെസ്റ്റ്സ്റ്റോപ്പ് സെന്ററുകളുടെ |

| | | | |
|---|---|---|---|
| | | | **ഡിസൈൻ ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ഭൂമിയുടെ സർവ്വേ, സോയിൽ ടെസ്റ്റിങ് തുടങ്ങിയവയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ലഭ്യമാകുന്ന ഭൗതിക നേട്ടങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | **മടങ്ങിയെത്തിയ പ്രവാസികൾ ഉൾപ്പെടെ തൊഴിലവസരങ്ങൾ ലഭ്യമാക്കാനും പ്രത്യക്ഷമായും പരോക്ഷമായും 32,500 പേർക്ക് തൊഴിൽ നൽകുന്നതിനും ടി പദ്ധതി ലക്ഷ്യമിടുന്നു. കേരളത്തിലെ 14 ജില്ലകളിലായി അന്താരാഷ്ട്ര നിലവാരത്തിലുള്ള 30 റെസ്റ്റ് സ്റ്റോപ്പുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.** |
| (ഡി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും ആയത് എപ്പോൾ ആരംഭിച്ച് എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | **റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയിൽ ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷൻ, വാഹന അറ്റകുറ്റപണി കേന്ദ്രം, പോലീസ് എയ്ഡ് പോസ്റ്റ്, ചെറിയ ക്ലിനിക്ക്, വാഷ് റൂമുകൾ എന്നിവ ഉൾപ്പെടുന്നു.**<br><br>**ഹ്രസ്വ, ദീർഘദൂര യാത്രക്കാർക്ക് വിശ്രമത്തിനും വിനോദത്തിനും ഉള്ള ഒരു സുരക്ഷിതമായ ഇടമായി ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.**<br><br>**നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ അധികൃതർ ഭൂമി കമ്പനിക്ക് കൈമാറുന്ന മുറയ്ക്ക് 10 മാസം കൊണ്ട് പണി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.** |

സെക്ഷൻ ഓഫീസർ